ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ഇതു സംബന്ധിച്ച് പരാമർശം സുപ്രീംകോടതി വിധിയിൽ ഉണ്ടായിട്ടുണ്ട്.

(സി) ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല.

പോലീസ് സ്റ്റേഷനുകളിൽ എട്ടുമണിക്കൂർ ജോലി

39 [3734] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടോ; എത്ര പോലീസ് സ്റ്റേഷനുകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; അവ ഏതൊക്കെ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഈ ഉത്തരവനുസരിച്ച് ഏതൊക്കെ സ്റ്റേഷനുകളിൽ ഇതു നടപ്പാക്കിയിട്ടുണ്ട്; ബാക്കിയുള്ളവയിൽ നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് എന്നത്തേക്ക് നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉത്തരവായിട്ടുണ്ട്. 57 പോലീസ് സ്റ്റേഷനുകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 57 പോലീസ് സ്റ്റേഷനുകളുടെ ലിസ്റ്റ് അനുബന്ധം 'എ' ആയും ഉത്തരവിന്റെ പകർപ്പ് അനുബന്ധം 'ബി' ആയും ചേർത്തിരിക്കുന്നു.†

(ബി) മേൽ സൂചിപ്പിച്ച 57 പോലീസ് സ്റ്റേഷനുകളിൽ ഈ സമ്പ്രദായം നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ബാക്കിയുള്ളവയിൽ നടപ്പിലാക്കുവാൻ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

ഹെഡ് കോൺസ്റ്റബിൾ പ്രമോഷൻ

40 [3735] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ 2004 വരെ പ്രമോഷന് അർഹരായ എത്ര ഹെഡ് കോൺസ്റ്റബിൾമാരുണ്ട്;

(ബി) പ്രമോഷൻ നൽകേണ്ടവരിൽ എത്രവർഷം വരെ സർവീസുള്ളവരുണ്ടെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവർക്ക് യഥാസമയം പ്രമോഷൻ നൽകാൻ കഴിയാതെ പോയത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇനി എത്രകാലത്തിനകം ഇവർക്ക് പ്രമോഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയിൽ 2004 വരെ പ്രമോഷന് അർഹരായ 221 ലോക്കൽ ഹെഡ് കോൺസ്റ്റബിൾമാരുണ്ട്.

(ബി) ഏകദേശം 30 വർഷത്തോളം സർവീസുള്ളവരുണ്ട്.

(സി) & (ഡി) പ്രമോഷൻ നൽകാൻ കാലതാമസമുണ്ടായിട്ടില്ല. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പ്രമോഷൻ നൽകി വരുന്നു.

എറണാകുളം റെയ്ഞ്ചിൽ ഡബ്ല്യൂ.പി. (സി) 29490/04, ഡബ്ല്യൂ.പി. (സി) 31569/04 കേസുകളിൽ സ്റ്റേ ഉത്തരവ് ഉള്ളതുകൊണ്ട് വേക്കൻസികളിൽ പ്രമോഷൻ നടത്താൻ കഴിഞ്ഞില്ല. സ്റ്റേ നീക്കി ഒഴിവു വരുന്ന മുറയ്ക്ക് പ്രമോഷൻ നൽകാൻ നടപടി സ്വീകരിച്ചു വരുന്നു.

പോലീസ് സേനയിലെ ഓഫ് ഡ്യൂട്ടി അലവൻസ്

41 [3737] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ ഏതെല്ലാം വിഭാഗങ്ങൾക്ക് ഓഫ് ഡ്യൂട്ടി അലവൻസ് അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കണ്ണൂർ എ. ആർ. ക്യാമ്പിൽ ജോലി ചെയ്യുന്നവരും ഓഫ് ഡ്യൂട്ടി അലവൻസിന് അർഹതയുള്ളവരുമായ പോലീസ് ഉദ്യോഗസ്ഥന്മാർക്ക് ഈ ആനുകൂല്യം ലഭിക്കുന്നുണ്ടോയെന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(സി) പരിശോധനയിൽ നിന്നും ലഭ്യമായ വിവരം വിശദമാക്കുമോ;

(ഡി) എങ്കിൽ കണ്ണൂർ എ. ആർ. ക്യാമ്പിലെ ഓഫ് ഡ്യൂട്ടി അലവൻസിന് അർഹതയുള്ള മുഴുവൻ പോലീസ് ഉദ്യോഗസ്ഥന്മാർക്കും പ്രസ്തുത അലവൻസ് മുൻകാല പ്രാബല്യത്തോടെ ലഭ്യമാക്കുവാൻ കൈക്കൊണ്ട നടപടികളെ സംബന്ധിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയിലെ സി.എഫ്./പി.സി./എച്ച്.സി./എ.എസ്. ഐ./എസ്.ഐ. എന്നീ വിഭാഗങ്ങൾക്ക് ഓഫ് ഡ്യൂട്ടി അലവൻസ് അനുവദിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly